147 (704) റോഡുകളുടെ അറ്റകുറ്റപ്പണി എളുപ്പത്തിൽ ചെയ്യുന്നതിനുള്ള യന്ത്രം

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ പരിധിയിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ എളുപ്പത്തിൽ ചെയ്യുന്നതിനുള്ള യന്ത്രം കോർപ്പറേഷൻ വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് അത് വാങ്ങിയതെന്നും അതിന് എന്തു തുക ചെലവായി എന്നും വെളിപ്പെടുത്തുമോ;

(സി) അത് പ്രവർത്തിപ്പിക്കുന്നതിനും മെയിന്റനൻസിനും എത്ര ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ഡി) അവരുടെ ശമ്പളമുൾപ്പടെ ഇതേവരെ പ്രവർത്തനച്ചെലവ് എത്ര എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ യന്ത്രസംവിധാനമുപയോഗിച്ച് ഇതേവരെ നടത്തിയ റിപ്പയറിംഗിന്റെ വിശദവിവരം നൽകുമോ; ഈ ഇനത്തിൽ എത്ര രൂപ ഇതേവരെ വരുമാനമുണ്ടായി എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999 മെയ് മാസത്തിൽ യന്ത്രം വാങ്ങി. അതിന് സെൻട്രൽ എക്സൈസ് ഡ്യൂട്ടി, സെൻട്രൽ സെയിൽടാക്സ് എന്നിവ ഉൾപ്പെടെ 22,12,540 രൂപ ചെലവായിട്ടുണ്ട്.

(സി) നാല് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഇത് പ്രവർത്തിപ്പിച്ചതിന് ജീവനക്കാരുടെ ശമ്പളമുൾപ്പെടെ, (ബിറ്റുമെൻ വിലയും മെറ്റൽ വിലയും ഒഴികെ) ഇതേവരെ 1,02,065/ രൂപ ചെലവായിട്ടുണ്ട്.

(ഇ) ഈ യന്ത്രം ഉപയോഗിച്ച് നഗരത്തിലെ 55 റോഡുകളുടെ ടാർ പാച്ച് വർക്ക് ചെയ്തിട്ടുണ്ട്. ഇതേവരെ ഈ യന്ത്രം 376 മണിക്കൂർ പ്രവർത്തിപ്പിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ കൃത്യമായും കാര്യക്ഷമമായും നടത്തുന്നതു കൊണ്ട് കോൺട്രാക്ട് കൊടുത്ത് പണിചെയ്യിക്കുന്നതു മൂലമുള്ള അധികചെലവ് ഒഴിവാക്കാനാകുന്നതല്ലാതെ ഈ യന്ത്രം വാടകയ്ക്ക് കൊടുത്ത് വരുമാനമുണ്ടാക്കുന്നില്ല.

148 (705) കോർപ്പറേഷനുകളുടെ വിസ്തൃതി വർദ്ധിപ്പിക്കൽ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കോർപ്പറേഷനുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ: എങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലേയ്ക്ക് ഏതെല്ലാം പഞ്ചായത്തുകളാണ് കൂട്ടിച്ചേർക്കുന്നതിന് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly